# പൂന്തുറ ചരിത്രം

## ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ :

പൂന്തുറ അതിമനോഹരമായ കടലോര ഗ്രാമം, സൂര്യരശ്മികൾ അത്യുച്ചത്തിൽ എത്തുമ്പോഴും കടൽക്കാറ്റിനാൽ കുളിരണിയിക്കുന്ന പ്രദേശം അക്ഷാംശ രേഖാംശ രേഖകൾ യഥാക്രമം 8.443 യും76.9480 ഡിഗ്രി കിഴക്കുമാണ്. പടിഞ്ഞാറ് അറബിക്കടലു കിഴക്ക് പാർവതി പുത്തനാറാലും ചുറ്റപ്പെട്ട പ്രദേശം. കരമനയാറും, വെള്ളയാണിക്കായലും പാർവ്വതി പുത്തനാറും ചേരുന്ന അഴിമുഖം പൂന്തുറയുടെ തെക്കേയറ്റത്തുണ്ട്. പുത്തൻപള്ളി എസ്.എം. ലോക്ക്, പരുത്തിക്കുഴി, ഇടയാർ, പൂന്തുറ തീരപ്രദേശം എന്നീ കൊച്ചു സ്ഥലങ്ങൾ ചേർന്നതാണ് പൂന്തുറ.

## സ്ഥലനാമ ചരിത്രം :

പണ്ട് കാലത്ത് ഈ പ്രദേശം പൂക്കൾ നിറഞ്ഞതായിരുന്നു. കൂടാതെ കാടുമുണ്ടായിരുന്നു. പൂക്കൾ നിറഞ്ഞതുറയായതിനാൽ ഇതിന് പൂന്തുറ എന്ന പേര് ലഭിച്ചു. പാർവ്വതി പുത്തനാറും വെള്ളയാണി കായലും, കരമനയാറും സംഗമിക്കുന്ന മൂന്നാറ്റുമുക്ക് പൂന്തുറയിലെ തെക്ക് കിഴക്ക് സ്ഥിതി ചെയ്യുന്നു.

## സാമൂഹ്യ ജീവിതം :

പരസ്പരം സഹകരണ മനോഭാവവും അഗാധമായ വിശ്വാസമുള്ള ഹിന്ദു–മുസ്ലിം–ക്രിസ്തുമത വിശ്വാസികൾ ഇട കലർന്ന് ജീവിക്കുന്ന പ്രദേശം. മൂന്ന് വ്യത്യസ്ത തരം മതം ഇവിടെയുണ്ടെങ്കിലും സഹോദരങ്ങളെ പോലെ ജീവിക്കുന്ന ഒരു ജന സമൂഹമാണ് ഇവിടത്തെ ജനത.

## സാമ്പത്തികം:

പൂന്തുറയിലെ പ്രധാന ഉപജീവന മാർഗ്ഗം മത്സ്യബന്ധനമാണ്. കൂടാതെ ധാരാളം കച്ചവട കേന്ദ്രങ്ങൾ ഇവിടെയുണ്ട്. കടലിനെ ആശ്രയിച്ചു ജീവിക്കുന്ന 'കടലമ്മയുടെ മക്കൾ' എന്ന വിശേഷിപ്പിക്കപ്പെടുന്ന ഇവർ വിദ്യാഭ്യാസ മേഖലയിലും ഉയർച്ച കൈവരിച്ചുകഴിഞ്ഞു. പൂന്തുറ തീരദേശമല്ലാതെവരുന്ന മാണിക്യവിളാകം, പരുത്തിക്കുഴി തുടങ്ങിയ സ്ഥലങ്ങളിലെ ജനങ്ങൾ പ്രധാനമായും കച്ചവടത്തെ ആശ്രയിക്കുന്നു. സാമ്പത്തികമായി വിലയിരുത്തിയാൽ ഉച്ച നീചത്വങ്ങൾ ഇവിടെയും കാണാം. എന്നാലും ഏവരെയും സഹായിക്കുവാനും ഏത് പ്രതിസന്ധി ഘട്ടത്തിലും തലയുയർത്തി നിൽക്കുവാനുമുള്ള ഇവരുടെ മനഃശക്തി പ്രശംസിക്കപ്പെടേണ്ടത് തന്നെയാണ്.

**<u>മതം:</u>**

ഹിന്ദുക്കൾ, മുസ്ലിം, ക്രൈസ്തവരും ഒരമ്മ പെറ്റ മക്കളെപോലെയാണ് പണ്ട് കാലങ്ങളിൽ കഴിഞ്ഞിരുന്നത്. ഇന്നും അത് തുടരുന്നു. മുസ്ലിം ആരാധനാലയമായ പുത്തൻപള്ളി, ഹിന്ദു ആരാധനാലയ ശ്രീ ശാസ്താകോവിൽ ക്രിസ്ത്യൻ ആരാധനാലയം സെൻറ് തോമസ് ദേവാലയം ഇവിടെ സ്ഥിതി ചെയ്യുന്നു. ജാതി മത ഭേദമന്യേ ഇവർ സഹോദരങ്ങളെപ്പോലെ ജീവിക്കുന്നു.

**<u>വിദ്യാഭ്യാസം:</u>**

പണ്ട് കാലങ്ങളിൽ തീരദേശം വിദ്യാഭ്യാസ മേഖലയിൽ അത്ര പുരോഗതി നേടിയിരുന്നില്ല. എന്നാൽ ഇവിടെയെത്തിയ കനോഷ്യൻ സിസ്റ്റേഴ്സ് സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകികൊണ്ട് ഒരു വിദ്യാലയം സ്ഥാപിച്ചു സെൻറ് ഫിലോമിനാസ് ജി.എച്ച്.എസ്. കൂടാതെ സെൻറ് തോമസ് സ്കൂളും ഇവിടെ സ്ഥാപിതമായി. ഇക്കാരണങ്ങളാൽ തന്നെ സാക്ഷരതയിൽ മുന്നേറി ഈ മേഖല ഉയർന്നു. മിഷണറിമാരുടെ പ്രവർത്തനം പൂന്തുറയിലെ വിദ്യാഭ്യാസ നിലവാരത്തെ ഉന്നതങ്ങളിലെത്തിച്ചു. സ്ത്രീ–പുരുഷ വ്യത്യാസമില്ലാതെ ഇവർ ഉന്നത വിദ്യാഭ്യാസം നേടിവരുന്നു.

**<u>ഭാഷ :</u>**

ഓരോ പ്രദേശത്തും തനതായ ഒരു ഭാഷാ ശൈലിയുണ്ട്. അതുപോലെ പൂന്തുറക്കും ഒരുനാട്ടുഭാഷയുണ്ട്. തമിഴ് നാട്ടുമായി അടുത്തബന്ധം പുലർത്തുന്നതിനാൽ ഇവരുടെ ഭാഷ മലയാളവും തമിഴും ചേർന്നതാണ്.

ഉദാ: ശുദ്ധാ മലയാളം "ഇവിടെ വാ"

നാട്ടുഭാഷാ "ഇങ്ക വാ"

എന്നാൽ ഇന്നത്തെ തലമുറയിൽ ഇത് കാര്യമായി കാണുന്നില്ല. അവർ ശുദ്ധമായ ഭാഷ കൈകാര്യം ചെയ്യുന്നു.

**<u>പ്രാധാന സ്ഥാപനങ്ങൾ :</u>**

ആരാധനാലയങ്ങൾക്കു പുറമേ മത്സ്യഫെഡ്, കോർപ്പറേഷൻ എന്നീ ഓഫീസുകളും കുട്ടികളുടെ ബുദ്ധിവികാസത്തിനും, മാനസിക ഉല്ലാസത്തിനുമായി ചെറിയൊരു പാർക്കും പ്രവർത്തിക്കുന്നു. 'സ്റ്റുഡൻറ് ലൈബ്രറി' എന്ന പേരിൽ ഒരു വലിയ ലൈബ്രറി ഇവിടെയുണ്ട്. നാടിൻറെ ക്രമ സമാധാനം നിലനിർത്താനും നാടിനെ നയിക്കാനും പൂന്തുറ പോലീസ് സ്റ്റേഷൻ സഹായിക്കുന്നു.

**<u>പ്രധാന വ്യക്തികൾ :</u>**

പൂന്തുറ പ്രദേശത്ത് വിദ്യാഭ്യാസ മേഖലയിലും രാഷ്ട്രീയ മേഖലയിലും ആത്മീയ മേഖലയിലും നിരവധി പേർ തിരി തെളിയിച്ചു. ഈ ദീപം കെടാതെ ഇന്നും സൂക്ഷിക്കുന്നു. പൂന്തുറയുടെ ചരിത്രത്തിൽ ഇവിടെ നിന്നും ഒരു മേയറെ തെരഞ്ഞെടുക്കുകയുണ്ടായി. നിലവിൽ ഭരണം നടത്തുന്ന ഗതാഗത മന്ത്രിയായ ശ്രീ. ആൻറണി രാജുവിൻറെ സ്വദേശം പൂന്തുറയാണ്. ആലപ്പുഴയിലെ സബ് കളക്ടർ ശ്രീ. അലക്സാണ്ടർ പൂന്തുറയിൽ നിന്നുള്ള വ്യക്തിയാണ്.

## ആഘോഷങ്ങൾ

തീരദേശത്തെ പ്രധാന ആഷോഘമാണ് വി. തോമാശ്ലീഹയുടെ തിരുനാൾ. ഉയർപ്പു ഞായർ മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷം.

## മാണിക്യവിളാകം

സ്വാതന്ത്ര്യ സമരകാലത്ത് മാണിക്ക്യൻ എന്നു പേരായ വ്യക്തിയെ ഈ പ്രദേശത്ത് വച്ച് തുക്കിലേറ്റിയതായി കേട്ടറിവുണ്ട്. അതിനാലാണ് മാണിക്യവിളാകത്തിന് ഈ പേര് ലഭിച്ചത്.

## എസ്.എം. ലോക്ക്

ശ്രീമൂലം തിരുനാൾ മഹാരാജാവിൻറെ കാലത്ത് പണി കഴിപ്പിച്ച എസ്.എം. ലോക്ക് ഈ പ്രദേശത്തെ ജലഗതാഗത്തിന് ആക്കം കൂട്ടി. ആഴം കൂടുതലെങ്കിലും വീതി കുറവായതിനാൽ ചരിക്കിറക്കുന്നതിനും ജനസഞ്ചാരത്തിനും മാത്രമായി ഈ ലോക്ക് ഉപയോഗിച്ചുവരുകയായിരുന്നു. കാലക്രമേണ ചരക്കുനീക്കത്തിൻറെ തോത് കുറഞ്ഞു വരുകയും പൂർണ്ണമായും ഇതിൻറെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. എങ്കിലും ചരിത്രത്തിൻറെ പ്രാധാന്യം വെളിവാക്കി കൊണ്ട് ഇതിൻറെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നു.

## പാർവ്വതീ പുത്തനാർ :

തിരുവനന്തപുരത്ത് വള്ളക്കടവ് (കല്ലാക്കടവ്) മുതൽ വർക്കല കുന്ന് വരെ പ്രധാന കായലുകളെ ഇടക്കിടയ്ക്ക് തോടുകൾ വെട്ടി ബന്ധപ്പെടുത്തി നിർമ്മിച്ച ജലപാതയാണിത്. ഈ ജലപാത പൂന്തുറയിലും വേളിയിലുമായി സമുദ്രത്തിലേക്ക് തുറക്കുന്നത് പ്രകൃത്യാലുള്ള ശുചീകരണം സാധ്യമാക്കിയിരുന്നു. എന്നാൽ ഇന്ന് മണൽത്തിട്ടകൾ അടിഞ്ഞ് ഈ ഭാഗം അടഞ്ഞുപോയിരിക്കുന്നു. കൊച്ചി, കൊല്ലം, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ കരമാർഗ്ഗം ചരക്കെടുക്കാൻ ബുദ്ധിമുട്ടായിരുന്നു. ഇതിന് പരിഹാരമായി ഇത് നിർമ്മിച്ചതാണ് ഈ ജലപാത.

## സ്ഥലനാമ ചരിത്രം:

1824 തിരുവിതാംകൂറിലെ റീജൻറായി ഭരണം നടത്തിയിരുന്ന റാണി ഗൗരി പാർവ്വതീ ഭായിയാണ് ഈ ചാൽ നിർമ്മിച്ചത്. അതുകൊണ്ടാണ് റാണിയുടെ പേരിൽ ഈ ചാൽ അറിയപ്പെടുന്നത്. പുതുതായി നിർമ്മിച്ചതിനാൽ പുത്തനാർ എന്ന പേരും ലഭിച്ചത്. ചുറ്റും താമസിക്കുന്നവരുടെ വളരെക്കാലത്തെ ദുരുപയോഗം മൂലവും അധികൃതരുടെ അനാസ്ഥയും ഈ ജലപാത ഇന്ന് ഉപയോഗശൂന്യമായിരിക്കുകയാണ്. ഈ പാതയുമായി ബന്ധപ്പെട്ട് കയർ വ്യവസായം നിലനിന്നു.